അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദനികുതി സംബന്ധിച്ച കേസുകൾ

221 [3193] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദനികുതി ഗ്രാമപഞ്ചായത്തുകൾക്ക് നൽകാത്തതിനെ സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളും അമ്യൂസ്മെന്റ് പാർക്കുകളും തമ്മിലാണ് കേസുകൾ നിലനില്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സുപ്രീം കോടതി, ഹൈക്കോടതി, പാലക്കാട് മുൻസിഫ് കോടതികളിൽ ഉള്ള വ്യവഹാരങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് 4-4-2000 മുതൽ 30-11-2002 വരെ വിനോദനികുതിയിനത്തിൽ നൽകേണ്ട സംഖ്യ ഹൈക്കോടതി നിർദ്ദേശാനുസരണം പ്രവേശന നിരക്കിന്റെ യഥാർത്ഥ നികുതി കണക്കാക്കി 6,98,79,750 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) 3-11-2002 മുതൽ ഇതുവരെയുള്ള വിനോദനികുതി ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം നിശ്ചയിച്ചിട്ടുള്ളതാണോ; ഇല്ലെങ്കിൽ ഇപ്രകാരം നികുതി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിലുള്ള വിനോദ നികുതിസംബന്ധമായ നിയമത്തിൽ സർക്കാർ വരുത്തിയ ഭേദഗതിമൂലം വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് ഹൈക്കോടതി നിർദ്ദേശാനുസരണം നൽകേണ്ട 6,98,79,750 രൂപ ലഭിക്കുമോ;

(ജി) പുതിയ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചാലുണ്ടാകുന്ന കുറവ് എങ്ങനെ നികത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുന്നത്തുനാട് ഗ്രാമപഞ്ചായത്തും വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്കും തമ്മിലും ആതിരപ്പള്ളി ഗ്രാമപഞ്ചായത്തും സിൽവർസ്റ്റോം പാർക്കും തമ്മിലും പരിയാരം ഗ്രാമപഞ്ചായത്തും ഡ്രീം വേൾഡ് പാർക്കും മലമ്പുഴ ഗ്രാമപഞ്ചായത്തും മലമ്പുഴ ഫാന്റസി പാർക്കും തമ്മിലുമാണ് കേസുകൾ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ പാർക്ക് ഉടമ കളക്ഷൻ സ്റ്റേറ്റ്മെന്റ് നൽകുന്നില്ല. ഈ സാഹചര്യത്തിൽ ഇതേവരെയുള്ള വിനോദ നികുതി കണക്കാക്കിയിട്ടില്ല.

(എഫ്) വിനോദനികുതി നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് നികുതി കണക്കാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ജി) ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കിയതിനുശേഷം മാത്രമേ വ്യത്യാസം മനസ്സിലാക്കാൻ കഴിയുകയുള്ളു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങളുടെ പുരോഗതി

222 [3194] *ശ്രീ. എ. സി. ഷൺമുഖദാസ്:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. സി. ജോസഫ്:
„ കെ. പി. മോഹനൻ:
„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു സംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വാർഡ് വിഭജനം എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; അതു സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വോട്ടർ പട്ടികയ്ക്ക് അവസാനരൂപം നൽകാൻ എന്നേക്ക് കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; അതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടർ ഐഡന്റിറ്റി കാർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly